റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. സംസ്ഥാന മന്ത്രിസഭയാണ് ഇതു സംബന്ധിച്ച് തീരുമാനങ്ങളെടുത്തിട്ടുള്ളത്. മലയോര നിവാസികൾ വർഷങ്ങളായി കാത്തിരിക്കുന്ന ഒരു ചിരകാല അഭിലാഷത്തിനാണ് ഇവിടെ തീരുമാനമുണ്ടാകുന്നത്. 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് 1993-ലെ കേരളഭൂമി പതിവും പ്രത്യേക ചട്ടങ്ങളും പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ വളരെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിയമത്തിലും ചട്ടത്തിലും ഭേദഗതികൾ വരുത്തി ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. പ്രത്യേകമായ ഓഫീസുകൾ തുറക്കുകയും ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ ഫണ്ടും ഇടുക്കി ജില്ലയിലേക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങൾ ഇവിടെ പറയുന്നില്ല. ഡിസംബർ ഒന്നു മുതൽ ഏഴ് വരെ ഇതിനുള്ള അപേക്ഷകൾ സ്വീകരിച്ചപ്പോൾത്തന്നെ 45000-ത്തോളം അപേക്ഷകളാണ് ലഭിച്ചത്. ഇതിനുപുറമേ പെരിഞ്ഞാൻകുട്ടി തുടങ്ങിയ മേഖലകളിൽ ഇലക്ട്രിസിറ്റി ബോർഡ് ഉപേക്ഷിക്കപ്പെട്ട സ്ഥലങ്ങളിൽ പട്ടയം നൽകുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുന്നു. അതിനെ സംബന്ധിച്ച് ഒരു മന്ത്രിസഭാ തീരുമാനം കൂടി ഉണ്ടാകേണ്ടതുണ്ട്. അത് അടുത്ത മന്ത്രിസഭാ യോഗത്തിൽത്തന്നെ ഉണ്ടായിരിക്കും. ലഭിച്ച അപേക്ഷകളെല്ലാം പരിശോധിച്ച് ജനുവരി മാസം 31-ാം തീയതിയ്ക്കകം എല്ലാ അർഹതപ്പെട്ടവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിൽ കൂടുതൽ പേർക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുന്നതാണ്. അതിന് എല്ലാ കർഷക പ്രസ്ഥാനങ്ങളും എല്ലാ ജനപ്രതിനിധികളും സഹകരിച്ചിട്ടുണ്ട്. അതുപോലെ ഇതുമായി ബന്ധപ്പെട്ട നടപടിക്ക് ഇടുക്കി ജില്ലയിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

(13) ദുരന്തനിവാരണ അതോറിറ്റിയുടെ കാര്യക്ഷമത

ശ്രീ. വി. ശിവൻകുട്ടി : സർ, അപ്രതീക്ഷിതമായുണ്ടായ പേമാരി കേരളത്തിലാകെത്തന്നെ നാശനഷ്ടം വിതച്ചതോടൊപ്പം ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടാക്കിയിരിക്കുന്നത് തലസ്ഥാന നഗരിയിലാണ്. തിരുവനന്തപുരം കോർപ്പറേഷനിലുള്ള നൂറ് വാർഡുകളിലെയും റോഡുകളും വീടുകളും ഒക്കെ തകർന്നതിന്റെ ഫലമായി നൂറുകോടിയിലധികം രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ഇത്തരം സംവേങ്ങളുണ്ടാകുമ്പോൾ ഇതിനെ നേരിടുവാനും ദുരന്തത്തിൽപ്പെട്ടുപോകുന്നവരെ രക്ഷിക്കുന്നതിനുമൊക്കെ വേണ്ടിയാണ് ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ഒരാഴ്ചക്കാലം ആർക്കും പുറത്തിറങ്ങാൻ പറ്റാത്ത രീതിയിൽ തലസ്ഥാന നഗരിയിലെ നാലിലൊന്ന് ഭാഗം വീടുകളും വെള്ളത്തിനടിയിലായിരുന്നു. ജില്ലാ കളക്ടറേറ്റിലും താലൂക്ക് സെന്ററിലും പ്രകൃതി ദുരന്ത നിവാരണ അതോറിറ്റിയൊക്കെ ഉണ്ടെങ്കിൽ പോലും വെള്ളം പമ്പ് ചെയ്യുന്നതിനുവേണ്ടി ഒരു പമ്പ്സെറ്റ് പോലും ഇല്ലെന്ന് പറഞ്ഞാൽ അങ്ങ് അതിശയിച്ചുപോകും. ഞാൻ ഫയർഫോഴ്സുമായി ബന്ധപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ദുരന്ത നിവാരണത്തിനുള്ള സാധനസാമഗ്രികൾ വാങ്ങാൻ അങ്ങ് ഫയർഫോഴ്സിന് പത്തുകോടി രൂപ കൊടുത്തു. ഞാൻ ഫയർഫോഴ്സുമായി ബന്ധപ്പെട്ടപ്പോൾ ആകെ ഒരു പമ്പ്സെറ്റുള്ളത് ശബരിമലയിൽ കൊണ്ടുപോയിരിക്കുകയാണ് എന്നാണ് പറയുന്നത്. അതാണ് സ്ഥിതി. ദുരന്ത നിവാരണ അതോറിറ്റിയിൽ ദുരന്തം നേരിടുന്നതിനുവേണ്ടി വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനുവേണ്ടിയുള്ള പമ്പ്സെറ്റുപോലും റവന്യൂ ഡിപ്പാർട്ടുമെന്റിനില്ല. ഇത് യു.ഡി.എഫ്.-ന്റെയോ എൽ.ഡി.എഫ്.-ന്റെയോ ഒന്നും പ്രശ്നമല്ല. എത്രയോ വർഷങ്ങളായി ഇതാണ് സ്ഥിതി. അതുകൊണ്ട് പ്രകൃതിക്ഷോഭമുലം റെക്ടിഫൈ ചെയ്ത റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം ഭാവിയിൽ പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അത് നേരിടുന്നതിനുവേണ്ടിയുള്ള സംവിധാനംകൂടി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ സഭയിൽ മെമ്പർ പറഞ്ഞതിൽ വല്ല സത്യവുമുണ്ടോയെന്ന് അങ്ങ് ജില്ലാ കളക്ടറോടും തഹസീൽദാരോടും വിളിച്ചു ചോദിച്ചു നോക്കണം. ഒരു പമ്പ്സെറ്റ് ഇല്ലെന്ന് മാത്രമല്ല, ഏതെങ്കിലും ഒരു കോൺട്രാക്ടറെ ഇതിന് ചുമതലപ്പെടുത്താമെന്ന് വച്ചാൽ അവരാരും ഇത് ഏൽക്കില്ല. സമയത്തിന് പണം കിട്ടില്ലെന്നാണ് അവർ പറയുന്നത്. ജനപ്രതിനിധികൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും ഇത്തരം സന്ദർഭത്തിൽ സമീപിക്കാൻ കഴിയുന്നത് കളക്ടറെയോ ഫയർ ഫോഴ്സിനെയോ തഹസീൽദാരെയോ ആണ്. അവരെല്ലാം നമ്മോട് പറയുന്നത്, നിങ്ങൾ എന്തെങ്കിലും ഒരു അറേഞ്ച്മെന്റുണ്ടാക്കിയാൽ ഞങ്ങൾ ചെയ്യാമെന്നാണ്. ഇത് വളരെ ഗുരുതരമായ വിഷയമാണ്. നൂറുകോടി രൂപയുടെ നഷ്ടം തലസ്ഥാനനഗരിയിൽ ഉണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കംപോലുള്ള ദുരന്തമുണ്ടാകുന്ന അവസരത്തിൽ ദുരന്ത നിവാരണ അതോറിറ്റി എന്ന് പുസ്തകത്തിൽ പേരെഴുതി വയ്ക്കാതെ മിനിമം പത്ത് മൺവെട്ടിയെങ്കിലും എല്ലാ വില്ലേജ് ആഫീസിലും വാങ്ങിക്കൊടുത്താൽ വെള്ളം വെട്ടിത്തുറന്ന് വീട്ട് എം.എൽ.എ.-മാരുടെ മുഖം രക്ഷിച്ച് ജനസേവനം നടത്താൻ കഴിയും. ഇത് എൽ.ഡി.എഫ്-ന്റെയോ യു.ഡി.എഫ്.-ന്റെയോ പ്രശ്നം മാത്രമല്ല. ഇത് പൊതുവിൽ നമ്മളെല്ലാവരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ഇതിനൊരു പരിഹാരം കാണണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഉരുൾപൊട്ടുന്ന സന്ദർഭത്തിലും പെട്ടന്നുണ്ടാകുന്ന മഴയിലും വലിയ ദുരന്തങ്ങളുണ്ടാകുമ്പോൾ നമ്മൾ നേരിടുന്ന പ്രശ്നങ്ങളാണ് ശ്രീ. വി. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചത്. തിരുവനന്തപുരത്ത് വളരെ അപ്രതീക്ഷിതമായി ഉണ്ടായ രണ്ടുദിവസത്തെ മഴയും കോട്ടയം ജില്ലയിൽ പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലുൾപ്പെടെയുണ്ടായ മഴയും ഒരിക്കലും പ്രതീക്ഷിക്കാത്ത സംഭവങ്ങളാണ്. അത്തരം സന്ദർഭങ്ങളിൽ ജനപ്രതിനിധികളും പൊതുജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ച് കൈകോർത്ത് രക്ഷാപ്രവർത്തനം നടത്തുക മാത്രമേ ഇപ്പോൾ നമുക്ക് ചെയ്യാൻ പറ്റുന്നുള്ളൂ. ഇവിടെ ഇപ്പോൾ സംഭവിച്ചത്—ഞാൻ പിറ്റേദിവസം തന്നെ ഉദ്യോഗസ്ഥരുമായി യോഗം വിളിച്ചിരുന്നു. ക്യാമ്പുകൾ ആരംഭിക്കുക, പരമാവധി അവർക്കുള്ള ഭക്ഷ്യസാധനങ്ങളെത്തിക്കുക, വെള്ളം എത്രയും പെട്ടന്ന് പമ്പ് ചെയ്ത് മാറ്റാൻ നടപടി സ്വീകരിക്കുക ഇതൊക്കെയാണ് ചെയ്യാൻ കഴിയുന്നത്. അതിൽ ഫയർഫോഴ്സാണ് പ്രധാനപ്പെട്ട ജോലി നിർവ്വഹിക്കുന്നത്. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായം കിട്ടാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യു ഉദ്യോഗസ്ഥൻമാരെന്ന് പറഞ്ഞാൽ ഒരു വില്ലേജ് ആഫീസിൽ രണ്ട് ജീവനക്കാരാണുള്ളത്. ഇതൊന്നും രണ്ടോ മൂന്നോ ജീവനക്കാരെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. അതുകൊണ്ടാണ് വിപുലമായ ഒരു പ്രവർത്തനത്തിന് വില്ലേജ് അടിസ്ഥാനത്തിൽ എല്ലാ സന്നദ്ധ സംഘടനകളേയും ചേർത്ത് യുവകർമ്മസേനയുണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. വില്ലേജ് ആഫീസിൽ നാല് മൺവെട്ടി വാങ്ങിവച്ചാലോ കുറച്ച് കയർ വാങ്ങി വച്ചാലോ നാളെ ആവശ്യമായി വരുന്നത് കയിനായിരിക്കും. അപ്പോൾ കയിൻ ഉണ്ടാകില്ല. ശ്രീ. രാജേഷ് മാത്യു തോമസിന്റെ മണ്ഡലത്തിൽ വലിയ മല ഇടിഞ്ഞു വീണ് . മൂഴുവൻ ട്രാഫിക് ബ്ലോക്കായി. അപ്പോൾ പത്തു ടണ്ണിൽക്കൂടുതൽ ഭാരം വലിക്കാനുള്ള കയിൻ എറണാകുളത്തുനിന്ന് രാത്രി കൊണ്ടുവന്നു. അതിന് എത്രയോ മണിക്കൂറെടുത്തു. ഇതുപോലുള്ള പ്രതിസന്ധികളുണ്ട്. ഇത് മനസ്സിലാക്കി ഫയർഫോഴ്സിനെ കുറച്ചുകൂടി ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഫയർഫോഴ്സാണ് ഈ രജോലി ചെയ്യുന്നത്. പത്തുകോടി രൂപ കഴിഞ്ഞ വർഷം അനുവദിച്ചതിനു പുറമെ ഈ വർഷം, കഴിഞ്ഞ ആഴ്ചയിൽ പത്തുകോടി രൂപകൂടി ഫയർഫോഴ്സിന് നൽകിയിട്ടുണ്ട്. ഫയർഫോഴ്സ് വാങ്ങുന്ന ഉപകരണങ്ങളിൽ ശ്രീ. വി. ശിവൻകുട്ടി സൂചിപ്പിച്ചതുപോലെ ഏറ്റവും എളുപ്പത്തിൽ ഇത്തരം കാര്യങ്ങൾ ചെയ്യാൻ വേണ്ട ഉപകരണങ്ങൾക്ക് മുൻഗണന കൊടുക്കുന്നതാണ്.

(14) കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കാർത്തികപ്പള്ളി പഞ്ചായത്തിലെ പുളിക്കീഴ് ട്യൂബ് വെല്ലിന്റെ പ്രവർത്തനം നിലച്ചിട്ട് ഒരു മാസമായി. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ എസ്.എൻ. നഗറിൽ പൂർത്തിയായിക്കിടക്കുന്ന ട്യൂബ് വെൽ കമ്മീഷൻ ചെയ്യാതെ ഇട്ടിരിക്കുകയാണ്. ഇതുമൂലം കാർത്തികപ്പള്ളി പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല് എന്നീ വാർഡുകളിലും തൃക്കുന്നപ്പുഴ-കിഴക്കേക്കര രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് എന്നീ വാർഡുകളിലും ശുദ്ധജലം ലഭിച്ചിട്ട് ആഴ്ചകളായി. ട്യൂബ് വെൽസ് കുഴിച്ചതിന്റെ പിറ്റേദിവസം തന്നെ ബഹുമാന്യനായ മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ പോയി ഞാൻ നിവേദനം നൽകുകയും ചെയ്തിട്ടുള്ളതാണ്. തൃക്കുന്നപ്പുഴ ഗുരുമന്ദിരത്തിന് സമീപം പഴകി ദ്രവിച്ച പൈപ്പ് മാറ്റാൻ എം.എൽ.എ. ഫണ്ടിൽനിന്ന് 78,000 രൂപ അനുവദിക്കണമെന്ന് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടതനുസരിച്ച് തുക അനുവദിച്ച് 3-12-10-ൽ ഭരണാനുമതി കൊടുക്കുകയും ചെയ്തതാണ്. ഇത്രയൊക്കെയായിട്ടും രമൽപ്പറഞ്ഞ വാർഡുകളിൽ കുടിവെള്ളം പൂർണ്ണമായി എത്തിക്കുന്നതിനോ പണി പൂർത്തിയായി കിടക്കുന്ന ട്യൂബ് വെല്ല് കമ്മീഷൻ ചെയ്യുന്നതിനോ പ്രവർത്തനക്ഷമമല്ലാത്ത ട്യൂബ് വെല്ലിനു പകരം പുതിയ ഒരെണ്ണം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനോ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇത്രയും വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതുമൂലം അവിടെ ദിനംപ്രതി ജനങ്ങളുടെ ഭാഗത്തുനിന്നും ഉപരോധസമരമടക്കം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കിത്തരണമെന്ന് ജലവിഭവ വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly